# പതിനാലാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2803** **12.03.2018-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളികളായ സ്ത്രീകളുടെ ശാക്തീകരണം</u>**

| <u>ചോദ്യം</u><br>ശ്രീ.സണ്ണി ജോസഫ് | <u>മറുപടി</u><br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| മത്സ്യത്തൊഴിലാളികളായ സ്ത്രീകളുടെ ശാക്തീകരണത്തിനായി എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | മത്സ്യത്തൊഴിലാളികളായ സ്ത്രീകളുടെ ശാക്തീകരണത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ

# അനുബന്ധം

മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണത്തിനായി പ്രധാനമായും സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ (സാഫ്) ഉം മത്സ്യഫെഡുമാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

## I. സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ (സാഫ്)

മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്രവികസനത്തിനും ശാക്തീകരണത്തിനും വേണ്ടി ഫിഷറീസ് വകുപ്പിനു കീഴിൽ രൂപീകരിച്ച ഏജൻസിയാണ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ (സാഫ്). മത്സ്യത്തൊഴിലാളി വനിതകളുടെ ശാക്തീകരണത്തിനും ഉന്നമനത്തിനുമായി സാഫ് മുഖേന തീരമൈത്രി പദ്ധതി നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷം തീരമൈത്രി പദ്ധതിയ്ക്കായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് 2 മുതൽ 4 പേരടങ്ങുന്ന ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവർക്ക് ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാഫ് വഴി ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. കൂടാതെ സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് സാഫ് മുഖേന തീരമൈത്രി പദ്ധതിയിലൂടെ പലിശരഹിത വായ്പാ പദ്ധതി, ഉചിതമായ പ്രവർത്തനത്തിലേക്ക് മാറുന്നതിനുള്ള ധനസഹായം, സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ധനസഹായം, ഫിനിഷിങ് സ്കൂൾ, സൗജന്യ മെഡിക്കൽ ക്യാമ്പ്, ലഹരി വിമുക്തിക്കായി ബോധവൽക്കരണ പദ്ധതി തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. കൂടാതെ താഴെ പറയുന്ന പദ്ധതികളും മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനത്തിനായി സാഫ് മുഖേന നടപ്പിലാക്കുന്നു.

### തീരനൈപുണ്യ

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്ലസ്ടു പാസ്സായ 20 നും 35 നും ഇടയിൽ പ്രായമുള്ള യുവതികൾക്കായി തീരനൈപുണ്യ പദ്ധതി നടപ്പിലാക്കി വരുന്നു.

### തീരമാവേലി

സപ്ലൈകോയുടെ മാവേലി ഇനത്തിൽപ്പെട്ട അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ തീരമൈത്രി സൂപ്പർമാർക്കറ്റുകൾ, കമ്മ്യൂണിറ്റി പ്രൊവിഷണൽ സ്റ്റോറുകൾ എന്നിവ വഴി വിതരണം ചെയ്യുന്ന തീരമാവേലി പദ്ധതി സിവിൽ സപ്ലൈസ് വകുപ്പിന്റെ സഹകരണത്തോടെ സാഫ് നടപ്പിലാക്കി വരുന്നു.

സാഫ് മുഖേന ലിംഗ സമത്വ സ്ത്രീ ശാക്തീകരണ നയ നിർവ്വഹണത്തിനായി പദ്ധതി നടപ്പിലാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി സാഫിന്റെ പദ്ധതി കളുടെ വിവര ശേഖരണത്തിനും 2016-17 സാമ്പത്തിക വർഷത്തിൽ സ്ത്രീ ശാക്തീകരണ ത്തിന്റെ ഭാഗമായി വികസിപ്പിച്ചിട്ടുളള ജി.ഐ.എസ് ബെയ്സ്ഡ് സിസ്റ്റം ആയ ആർമിസ്- നെ ശക്തിപ്പെടുത്തുന്നതിനും, മത്സ്യത്തൊഴിലാളി വനിതകൾക്കായി സംഘടിപ്പിക്കുന്ന വർക്ക്ഷോപ്പിനുമായാണ് വിഭാവനം ചെയ്തിരിക്കുന്നത്.

II. <u>മത്സ്യഫെഡ്</u>

മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണത്തിനായി മത്സ്യഫെഡ് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് മത്സ്യ വിപണനത്തിനായി പരമാവധി 20,000/- രൂപ വരെ പലിശ രഹിത വായ്പയായി വിതരണം ചെയ്തു വരുന്നു.
2. മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളായ സ്ത്രീകളുടെ സ്വയം സഹായ ഗ്രൂപ്പുകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ പരമാവധി 5 ലക്ഷം രൂപ വരെ മൈക്രോ ഫിനാൻസ് വായ്പ വിതരണം ചെയ്തു വരുന്നു.
3. സൂക്ഷ്മ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളായ സ്ത്രീകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സൂക്ഷ്മ സംരംഭ വായ്പ പരമാവധി 50,000/- രൂപ വരെ വിതരണം ചെയ്തു വരുന്നു.

**മത്സ്യഫെഡ് മുഖേന ലിംഗ സമത്വ സ്ത്രീ ശാക്തീകരണ നയനിർവ്വഹണത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപ ബഡ്ജറ്റിൽ** വകയിരുത്തിയിട്ടുണ്ട്. **500 പേരടങ്ങുന്ന 50 സ്വയം സഹായ സംഘങ്ങൾക്ക് 50 ചെറുകിട** സംരംഭങ്ങൾ തുടങ്ങുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**സെക്ഷൻ ആഫീസർ**